**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5157** **21-03-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക യന്ത്രവൽക്കരണ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷികരംഗത്ത് യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന വിശദാംശം നൽകാമോ; | (എ) | കാർഷികരംഗത്തെ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നൂതന കാർഷിക യന്ത്രവൽകൃത കൃഷി രീതികളെക്കുറിച്ചും, അനുയോജ്യമായ യന്ത്രങ്ങളെക്കുറിച്ചും, അവയുടെ പ്രവർത്തനം, പരിപാലനം എന്നിവയെക്കുറിച്ചും കർഷകർക്കായുള്ള പരിശീലന പരിപാടികൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. കാർഷിക യന്ത്രവൽക്കരണ ഉപ പദ്ധതിയിൽ (SMAM) 50% വരെ സബ്സിഡിയോടെ കർഷകർക്കും, 40% മുതൽ 80% വരെ സബ്സിഡിയോടെ കർഷക ഗ്രൂപ്പുകൾക്കും, കർഷകരുടെ സഹകരണ സംഘങ്ങൾക്കും, സ്വയം സഹായ സംഘങ്ങൾക്കും, ഗ്രാമീണ സംരംഭകർക്കും, എഫ്.പി.ഒ-കൾക്കും, പഞ്ചായത്തുകൾക്കും വിവിധ തരം കാർഷിക യന്ത്രോപകരണങ്ങൾ നൽകി വരുന്നുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിൽ കാർഷിക കർമസേനകളും ബ്ലോക്ക് തലത്തിൽ അഗ്രോ സർവീസ് സെന്ററുകളും/കൃഷിശ്രീ സെന്ററുകളും, ജില്ലാതലത്തിൽ കസ്റ്റം ഹയറിങ് സെന്ററുകളും കർഷകർക്ക് മിതമായ നിരക്കിൽ കാർഷിക സേവനങ്ങളും കാർഷിക യന്ത്രങ്ങളുടെയും ഉപകരണങ്ങളുടേയും സേവനങ്ങളും നല്കിവരുന്നു. കൂടാതെ കേരള സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ കീഴിൽ "കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മ സേനകളുടെയും ഫലപ്രദമായ ഏകോപനത്തിനായി അപെക്സ് ബോഡി രൂപീകരിച്ച് വകുപ്പിലെ യന്ത്രങ്ങളും ഉപകരണങ്ങളും സഞ്ചയിപ്പിക്കുക എന്ന ലക്ഷ്യത്തോടെ "കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ" രൂപീകരിച്ചു പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കർഷകർക്ക് യന്ത്രവൽക്കരണത്തിന് പിന്തുണ നൽകുന്നതിനായി സ്ഥാപിച്ച വിവിധ സേവന സംവിധാനങ്ങളുടെ ഏകോപനത്തിന് കാർഷിക യന്ത്രവൽക്കരണ മിഷന് രൂപം കൊടുത്തിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | ഉണ്ട്. കർഷകർക്ക് യന്ത്രവൽക്കരണത്തിന് പിന്തുണ നൽകുന്നതിനായി സ്ഥാപിച്ച വിവിധ സേവന സംവിധാനങ്ങളുടെ ഏകോപനത്തിന് കൃഷി വകുപ്പ് മന്ത്രി അധ്യക്ഷനായും, കാർഷിക ഉത്പാദനകമ്മീഷണർ ഉപാധ്യക്ഷനായും, കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ മിഷൻ ഡയറക്ടറായും കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ രൂപീകരിച്ചിട്ടുണ്ട്. മിഷന്റെ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ആവശ്യാനുസരണം എല്ലാ കാർഷിക യന്ത്രങ്ങളുടെയും അറ്റകുറ്റപ്പണികൾ ഏറ്റെടുക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. കാർഷിക എൻജിനീയറിങ് വിഭാഗം മുഖേന ബ്ലോക്കുതലത്തിൽ സർവ്വീസ് ക്യാമ്പുകൾ സംഘടിപ്പിച്ച് എല്ലാത്തരം കാർഷിക യന്ത്രങ്ങളുടെയും പരിപാലനവും, അറ്റകുറ്റപ്പണികളും നടത്തി വരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാനമൊട്ടാകെ 271 ക്യാമ്പുകൾ പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ തരത്തിലുള്ള 4667 കാർഷിക ഉപകരണങ്ങൾ സംസ്ഥാനമൊട്ടാകെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി കർഷകർക്ക് നൽകിയിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ നേതൃത്വത്തിൽ "കാർഷിക യന്ത്ര പരിരക്ഷണ യജ്ഞം" എന്ന ഒരു കർമ്മപരിപാടി ആവിഷ്കരിച്ച് കാർഷിക സേവന കേന്ദ്രങ്ങളിലെയും കാർഷിക കർമ്മസേനകളിലെയും കൃഷിശ്രീ സെന്ററുകളിലെയും കേടായിക്കിടക്കുന്ന കാർഷികയന്ത്രങ്ങൾ അറ്റകുറ്റപണി നടത്തുന്നുണ്ട്. ഇതിനായി ജില്ലകൾ തോറും 'കാർഷിക യന്ത്രകിരണ സേന' എന്ന ഒരു യൂണിറ്റ് തയ്യാറാക്കിയിട്ടുണ്ട്. കാർഷിക യന്ത്രങ്ങൾ കേടാണെന്ന് അറിയിക്കുകയാണെങ്കിൽ ഈ യൂണിറ്റിനെ നിയോഗിച്ച് കാർഷിക യന്ത്രങ്ങൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുന്നു. കാർഷിക സേവന കേന്ദ്രം, കാർഷിക കർമ്മസേന, കൃഷിശ്രീ സെന്ററുകൾ എന്നിവയിലെ സേവനദായകർക്ക് കാർഷികയന്ത്രങ്ങൾ സ്വന്തംനിലയിൽ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുന്നതിന് കാർഷിക യന്ത്ര അറ്റകുറ്റപണിയിൽ 12 മുതൽ 15 ദിവസം വരെ നീണ്ടുനിൽക്കുന്ന പരിശീലനവും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. കാർഷിക സേവന കേന്ദ്രങ്ങളുടെയും, കാർഷിക കർമ്മ സേനകളുടെയും, കൃഷിശ്രീ കേന്ദ്രങ്ങളുടെയും ഫലപ്രദമായ ഏകോപനത്തിനായി അപെക്സ് ബോഡി രൂപീകരണം – ഈ സംവിധാനത്തിന് കീഴിൽ വകുപ്പിലെ യന്ത്രങ്ങളും ഉപകരണങ്ങളും സഞ്ചയിപ്പിക്കുക എന്ന ആശയത്തോടെയാണ് "കേരള സംസ്ഥാന കാർഷിക യന്ത്രവത്ക്കരണ മിഷൻ" രൂപീകരിച്ചത്.

2. സംസ്ഥാനത്തിലെ കാർഷിക കർമ്മ സേനകൾ, അഗ്രോ സർവീസ് സെന്ററുകൾ, കസ്റ്റം ഹയറിങ് സെന്ററുകൾ (KKS, ASC, CHC) എന്നിവയുടെ പ്രവർത്തനങ്ങൾ മിഷൻ നിരീക്ഷിക്കുകയും, മാനവ ശേഷിയുടെ കണക്കെടുപ്പ് നടത്തുകയും ഈ യൂണിറ്റുകളുടെ ഭൗതിക സാമ്പത്തിക സ്ഥിതി വിവരം പരിശോധിക്കുകയും, വിലയിരുത്തുകയും, സ്വത്തുക്കളുടെ നിജസ്ഥിതി കണക്കുകൾ രേഖപ്പെടുത്തുകയും, അവരുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനായി നൈപുണ്യ പരിശീലനം നൽകുകയും ചെയ്യുന്നു.

3. മിഷൻ കേരളത്തിലെ മുഴുവൻ കാർഷിക സേവന കേന്ദ്രങ്ങളിലെയും, കാർഷിക കർമ്മ സേനകളിലെയും, കൃഷിശ്രീ സെന്ററുകളിലെയും, കാർഷിക യന്ത്രങ്ങളുടെ സർവെ നടത്തിയിട്ടുണ്ട്. ഈ റിപ്പോർട്ട് പ്രകാരം 99 കാർഷിക സേവന കേന്ദ്രങ്ങളിലും, 28 കൃഷിശ്രീ കേന്ദ്രങ്ങളിലും, 365 കാർഷിക കർമ്മ സേനകളിലുമായി വിവിധ തരത്തിലുള്ള 5980 കാർഷിക യന്ത്രങ്ങൾ ലഭ്യമാണ്.

4. കാർഷിക യന്ത്രങ്ങളുടെ എല്ലാ അറ്റകുറ്റപ്പണികളും നിർവ്വഹിക്കുന്നതിനായി "കർഷിക യന്ത്ര പരിരക്ഷണ യജ്ഞം" എന്ന സംസ്ഥാനതല പരിപാടി മിഷൻ ആവിഷ്കരിച്ച് "കർഷിക യന്ത്ര കിരൺ സ്ക്വാഡ് (KYKS)"എന്ന പേരിൽ ഒരു 'മൊബൈൽ റിപ്പയർ സർവീസ് യൂണിറ്റ്' രൂപീകരിച്ചിട്ടുണ്ട്. 2024-25 വർഷത്തോടെ 'KYKS' എന്ന ഈ യജ്ഞം എട്ടാം ഘട്ടം പൂർത്തീകരിച്ചു.

5. കാർഷികയന്ത്രങ്ങളുടെ പ്രവർത്തനത്തിലും, അറ്റകുറ്റപ്പണിയിലും, പരിപാലനത്തിലും കാർഷിക സേവന കേന്ദ്രങ്ങളിലെയും, കാർഷിക കർമ്മ സേനകളിലെയും, കൃഷിശ്രീ സെന്ററുകളിലെയും സേവനദായകർക്ക് പ്രാവർത്തിക പരിശീലന പരിപാടി കേരള സംസ്ഥാന കാർഷിക യന്ത്ര വൽക്കരണ മിഷൻ (KSAMM) നൽകി വരുന്നു.

6. കേരളത്തിലെ എല്ലാ പഞ്ചായത്തിലും വിവിധ പദ്ധതികളിലായി 100% ധനസഹായത്തോടെ ലഭ്യമായ എല്ലാ കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ്, നിജസ്ഥിതി സർവെ 2022-23 കാലഘട്ടത്തിൽ മിഷൻ നടത്തിയിട്ടുണ്ട്.

7. കേരളത്തിലെ കാർഷിക സേവന കേന്ദ്രങ്ങളുടെയും, കാർഷിക കർമ്മ സേനകളുടെയും സംഘാടനം, പ്രവർത്തനം നിഷ്കർഷിക്കുന്നതിനുള്ള മാനുവൽ തയ്യാറാക്കുന്ന പ്രവർത്തനം മിഷൻ നടത്തിയിട്ടുണ്ട്.

8. കാർഷിക സേവന കേന്ദ്രങ്ങൾ, കാർഷിക കർമ്മ സേനകൾ, കൃഷിശ്രീ സെന്ററുകൾ എന്നിവയുടെ വാർഷിക പ്രവർത്തനം വിലയിരുത്തൽ നടത്തി ധനസ്ഥിതി കണ്ടെത്തി വിജയകരമായി പ്രവർത്തിക്കുന്നതിന്, വേണ്ടുന്ന "ബിസിനസ് പ്ലാൻ "തയ്യാറാക്കി നടപ്പാക്കുന്നതിന് മിഷൻ സഹായക പ്രവർത്തനങ്ങൾ നടത്തുന്നു.

9. ഓരോ യൂണിറ്റിനും പ്രാദേശിക അടിസ്ഥാനത്തിൽ വേണ്ടുന്ന വിവിധ സംരംഭങ്ങൾ നടത്തുന്നതിനുള്ള മാനവ വിഭവശേഷി തയ്യാറാക്കുന്നതിനായി പ്രത്യേകിച്ചും കാർഷിക യന്ത്രങ്ങളുടെ ഫീൽഡ് തല പ്രവർത്തനം, അറ്റകുറ്റപ്പണി, ഫല വൃക്ഷ തൈകളുടെ, പച്ചക്കറി തൈകളുടെ ഒട്ടു തൈകൾ തയ്യാറാക്കൽ, പായ് ഞാറ്റടി തയ്യാറാക്കൽ, യന്ത്രവൽകൃത നടീൽ, കൊയ്ത്തു മെതി യന്ത്രങ്ങളുടെ അറ്റകുറ്റപ്പണി, പ്രവർത്തനം എന്നിവ മിഷൻ നടത്തുന്നു.

10. തൃശൂർ പൊന്നാനി കോൾ നിലങ്ങളിലെ വെള്ളപ്പൊക്കവും വരൾച്ചയും മറികടക്കാൻ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുക എന്ന RKI പദ്ധതിയുടെ ഭാഗമായി ലഭിച്ച കാർഷിക യന്ത്രങ്ങൾ മിഷൻ ഏറ്റെടുത്ത് പ്രവർത്തിപ്പിച്ചു വരുന്നു.

11. പഞ്ചായത്ത് തലത്തിലുള്ള കാർഷിക കർമ്മസേനാ യൂണിറ്റുകളെ ഉപകേന്ദ്രങ്ങളായി ഉൾപ്പെടുത്തികൊണ്ട് കർഷകർക്ക് ആവശ്യമായ കാർഷിക സേവനങ്ങൾ വെബ് അധിഷ്ഠിത പോർട്ടൽ വഴി നൽകുന്നതിന് "കൃഷിയിലെ യൂബറൈസേഷൻ" എന്ന പരിപാടിയുടെ ട്രയൽ റൺ നടത്തിയിട്ടുണ്ട്, പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നു.

12. സംസ്ഥാനത്തെ വിവിധ കാർഷിക പാരിസ്ഥിതിക സാഹചര്യങ്ങൾക്ക് അനുയോജ്യമായ ആധുനിക യന്ത്രങ്ങൾ രൂപകൽപ്പന ചെയ്യുന്നതിന്റെയും, പരീക്ഷിക്കുന്നതിന്റെയും, വികസിപ്പിക്കുന്നതിന്റെയും പ്രചരിപ്പിക്കുന്നതിന്റെയും ഭാഗമായി KSAMM-RKI പദ്ധതിയിലൂടെ, പ്രത്യേക നൂതന കാർഷിക യന്ത്രങ്ങളായ അഗ്രോ ഡ്രെഡ്ജ് ക്രാഫ്റ്റ്, അക്വാട്ടിക് വീഡ് ഷ്രെഡർ, ബോട്ട് ട്രാക്ടർ, എന്നിവ വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ HP കൂടിയ ട്രാക്ടർ, ട്രാക്ക് ടൈപ്പ് സിറ്റ് & റൈഡ് ഓൺ ടില്ലർ, കാംകോ ലെപ്പാർഡ് ടില്ലർ, സ്ക്രൂവീൽ ബാക്ക് ഹോ ' എന്നീ നൂതന യന്ത്രങ്ങളും പരിശോധിച്ചു വരുന്നു.

13. ഈ നൂതന കാർഷിക യന്ത്രങ്ങൾ സമാഹരിക്കുന്നതിനും, സംരക്ഷിക്കുന്നതിനും, കാർഷിക യന്ത്രങ്ങളുടെ വർക്ക് ഷോപ്പ് സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും വേണ്ടി മിഷന്റെ നേതൃത്വത്തിൽ കാർഷിക യന്ത്ര സംരക്ഷണ കേന്ദ്രം (AMCC) കൂത്താളിയിൽ സ്ഥാപിച്ചിട്ടുണ്ട്.

14. കുട്ടനാട്ടിലെ നെല്ലിന്റെ വിളവെടുപ്പിനായി ഏജന്റമാർ ഏർപ്പെടുത്തുന്ന കൊയ്ത്തു യന്ത്രങ്ങളുടെ കാര്യക്ഷമത നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനുമായി മിഷന്റെ നേതൃത്വത്തിൽ "കൊയ്ത്തുമെതി യന്ത്ര പ്രവർത്തനക്ഷമത നിരീക്ഷണ പരിശോധന യൂണിറ്റ് കുട്ടനാട് (CHEMIMU)" മൊബൈൽ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ